**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1614

02/07/2015 – ൽ മറുപടിക്ക്

## ഭവനശ്രീ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ഭവനശ്രീ പദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളുന്ന നടപടി ഏതു ഘട്ടത്തിലാണ്; | (എ) | കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ സഹകരണ ബാങ്കുകൾ മുഖേന നൽകിയിട്ടുള്ള ഭവനശ്രീ വായ്പാ ബാധ്യത 31.05.2014 ലെ സ.ഉ (എം.എസ്) 96/2014/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. 31.03.2015 ലെ സ.ഉ (എം.എസ്) 126/2015/തസ്വഭവ ഉത്തരവ് പ്രകാരം സഹകരണ ബാങ്കുകൾക്ക് ആദ്യഗഡുവായി നൽകേണ്ട 9.47 കോടി രൂപ അനുവദിക്കുകയും ടി തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് കുടുംബശ്രീ ജില്ലാ മിഷൻ വഴി 57 സഹകരണ ബാങ്കുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; നക്ഷത്ര ചിഹ്നമിടാത്ത ചോദ്യമായി അനുവദിയ്ക്കാവുന്നതാണ്; | (ബി) | ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | എത്ര ഗുണഭോക്താക്കൾക്ക് എത്ര തുകയുടെ ആനുകൂല്യമാണ് ലഭിക്കുന്നത്; | (സി) | 3220 ഗുണഭോക്താക്കൾക്ക് 146,471,053/- രൂപയുടെ ആനുകൂല്യങ്ങളാണ് ലഭിക്കേണ്ടത്. |
| (ഡി) | എത്ര തുക സഹകരണ ബാങ്കുകൾക്ക് നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്? | (ഡി) | 947,91,000/- രൂപ ആദ്യ ഗഡുവായി സഹകരണ ബാങ്കുകൾക്ക് നൽകുവാനായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**